**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2506** **17-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് നികുതി നിശ്ചയിക്കാൻ അധികാരമുള്ള കാര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പാക്കിയതിന് ശേഷം നിലവിൽ ഏതെല്ലാം കാര്യങ്ങളിലാണ് സംസ്ഥാനത്തിന് നികുതി നിശ്ചയിക്കാൻ അധികാരമുള്ളത്; വിശദീകരിക്കാമോ; | (എ) | ജി.എസ്.ടി. നടപ്പാക്കിയതിന് ശേഷം കേരള പൊതുവിൽപന നികുതി നിയമപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്ന പെട്രോൾ, ഡീസൽ, എ.റ്റി.എഫ്, വിദേശമദ്യം എന്നിവയിന്മേലും കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്ന നാച്ചുറൽ ഗ്യാസിനും നികുതി നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാനത്തിനുണ്ട്. |
| (ബി) | ഇന്ധന നികുതി ഏകപക്ഷീയമായി കേന്ദ്ര സർക്കാർ ചുമത്തി വാങ്ങുന്നു എന്നത് സംസ്ഥാനത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ഒരു ലിറ്റർ പെട്രോളിൽ നിന്നും വിവിധ സെസ്സ്, സർചാർജ്ജുകൾ അടക്കം എത്ര രൂപയാണ് കേന്ദ്ര സർക്കാർ വാങ്ങിക്കുന്നത്; സംസ്ഥാനത്തിന് ലഭിക്കുന്നത് എത്ര രൂപയാണ്; വിശദമാക്കാമോ? | (ബി) | 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.48 രൂപ/ലിറ്റർ, 3.57 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് നിലവിൽ യഥാക്രമം 27.9 രൂപ/ലിറ്റർ, 21.8 രൂപ/ലിറ്റർ എന്നിങ്ങനെ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന സർക്കാർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തുന്ന നികുതി യഥാക്രമം 30.08%, 22.76% എന്നിവയാണ്. 2016-ൽ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ